**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1471** **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2017 - 18 വർഷത്തെ ബഡ്ജറ്റിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള (3 കോടി രൂപ വീതം) ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവ. ഹൈസ്കൂൾ, പരവൂർ ഗവ. ഹയർസെക്കണ്ടറി എന്നീ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട നടപടികളിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | **ചിറക്കര ഗവൺമെന്റ് ഹൈസ്കൂൾ**<br><br>1) അക്കാദമിക് മാസ്റ്റർ പ്ലാനും കെട്ടിട പ്ലാനും, എസ്റ്റിമേറ്റും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. സോയിൽ ടെസ്റ്റ് വരെയുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. പദ്ധതി പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ സ്കൂൾ പ്രതിനിധികളുടെ യോഗം ബഹു. എം.എൽ.എ തിരുവനന്തപുരത്ത് വിളിച്ചു ചേർക്കുകയും അതിൻ പ്രകാരം കിലയുടെ ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിക്കുകയും പ്ലാനും എസ്റ്റിമേറ്റും റിവൈസ് ചെയ്ത് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിനെത്തുടർന്ന് 2022 ആഗസ്റ്റ് മാസത്തിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിവൈസ് ചെയ്ത പ്ലാനും എസ്റ്റിമേറ്റും ജില്ലാ പഞ്ചായത്തിലും കിലയ്ക്കും, എം.എൽ.എ ക്കും ലഭ്യമാക്കിയിട്ടുണ്ട്.<br><br>കിലയുടെ പ്രതിനിധികൾ നവംബർ മാസത്തിൽ സ്കൂൾ സന്ദർശിച്ച് പദ്ധതി പുരോഗതി വിലയിരുത്തി, ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിലേക്ക് നൽകിയിട്ടുണ്ട്.<br><br>**പരവൂർ ഗവൺമെൻറ് ഹയർ സെക്കൻറി സ്കൂൾ**<br>സ്കെച്ചും പ്ലാനും അംഗീകരിച്ച് കിട്ടിയിട്ടില്ല. |
| (ബി) | അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുള്ള ചാത്തന്നൂർ മണ്ഡലത്തിലെ ഉളിയനാട് ഗവ. ഹൈസ്കൂൾ, നെടുങ്ങോലം ഗവ. ഹൈസ്കൂൾ, കോയിപ്പാട് ഗവ. എൽ. പി. എസ്. എന്നീ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | **ഉളിയനാട് ഗവൺമെന്റ് ഹൈസ്കൂൾ** : പുതിയ കെട്ടിടം പണിയുന്നതിന് സ്കൂൾ പരിസരത്ത് പുതിയ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ നിലവിലെ എൽ.പി ക്ലാസുകൾ പ്രവർത്തിച്ച് വരുന്ന പഴയ ഓടിട്ട കെട്ടിടവും അതിനോടനുബന്ധിച്ചുള്ള പാചകപ്പുരയും പൊളിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അപേക്ഷ നൽകുകയും ആയതിൻ പ്രകാരം നിലവിലെ എൽ.പി കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ പാചകപ്പുര കൂടി പൊളിച്ച് മാറ്റുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | അനുമതി ഇനിയും ലഭ്യമാകേണ്ടതുണ്ട്. കൂടാതെ ടി സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം വൃക്ഷങ്ങളുടെ വാല്യുവേഷൻ പൂർത്തിയാക്കി ലേല നടപടികൾ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 28.10.2022 ൽ കത്ത് നൽകിയിട്ടുണ്ട്. മേൽ പ്രകാരം കില, അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) എന്നിവർക്ക് സമർപ്പിച്ച കെട്ടിട പ്ലാൻ പ്രകാരം നിർദ്ദിഷ്ട സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് 18.11.2022 ൽ പുതിയ പി.റ്റി.എ. കമ്മിറ്റി തീരുമാനിക്കുകയും പ്രസ്തുത തീരുമാനം കില ഡയറക്ടർ, എൽ.എസ്.ജി.ഡി എ.ഇ എന്നിവരെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണ്.<br><br>**നെടുങ്ങോലം ഗവൺമെൻറ് ഹൈസ്കൂൾ**: ചിറക്കര പഞ്ചായത്തിൽ നിന്നും എ.ഇ സ്കൂൾ സന്ദർശിക്കുകയും പുതിയ ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള സ്കെച്ചും പ്ലാനും തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി നൽകിയിട്ടുമുണ്ട്.<br><br>**കോയിപ്പാട് ഗവൺമെന്റ് എൽ.പി.എസ്**<br><br>ഒരു കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ജി.എച്ച്.എസ് ചിറക്കര സ്കൂളിന് പകരം കോയിപ്പാട് ഗവ.എൽ.പി.എസ് - ന് ഭരണാനുമതി നൽകിയിരുന്നു. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ